ഉത്തരം

(എ) സംസ്ഥാനത്ത് 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിന്റെ നടത്തിപ്പ് സർക്കാർ അവലോകനം ചെയ്തിട്ടുണ്ട്. സിറ്റി പോലീസ് കമ്മീഷണർമാരുടെയും ജില്ലാ പോലീസ് സൂപ്രണ്ടുമാരുടെയും പ്രതിമാസ ക്രൈം കോൺഫറൻസിൽ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിന്റെ പരിധിയിൽ വരുന്ന കേസുകൾ അവലോകനം ചെയ്യുകയും ആവശ്യമായ നിർദ്ദേശം നൽകുകയും, ഫലപ്രദമായ നടപടി സ്വീകരിച്ചുവരികയും ചെയ്തിട്ടുള്ളതാണ്.

(ബി) 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം നടപ്പിലാക്കിയതിന് ശേഷം ഗുണ്ടാപ്രവർത്തനങ്ങളിൽ കുറവുണ്ടായതായി കണ്ടെത്തിയിട്ടുണ്ട്.

(സി) 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം നിലവിൽ വന്നശേഷം 549 ഗുണ്ടകളെ ജയിലിലടച്ചിട്ടുണ്ട്.

(ഡി) 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമപ്രകാരം 54 പേർ ഇപ്പോഴും ജയിൽ ശിക്ഷ അനുഭവിക്കുന്നുണ്ട്.

പോലീസ് അറസ്റ്റുചെയ്ത പ്രതികളെ ബലമായി മോചിപ്പിച്ചുകൊണ്ടുപോയതായ സംഭവങ്ങൾ

11 (5917) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, അക്രമസംഭവങ്ങളോടും, നിലവിലുള്ള കേസ്സുകളോടും, അനുബന്ധിച്ച് കോടതി വാറണ്ടു പ്രകാരവും പോലീസ് അറസ്റ്റുചെയ്ത എത്ര പ്രതികളെ ബലമായി മോചിപ്പിച്ചുകൊണ്ടു പോയതായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ; ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ;

(ബി) ഇതോടനുബന്ധിച്ച് പോലീസ് സ്റ്റേഷൻ ആക്രമണം, സ്റ്റേഷൻ ഉപരോധം, എന്നിവ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എവിടെയെല്ലാമെന്നും, ഏതെല്ലാം രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിലാണ് അവ നടന്നതെന്നും വിശദമാക്കുമോ ;

(സി) ഇത്തരം സംഭവങ്ങളോടനുബന്ധിച്ച് രജിസ്റ്റർ ചെയ്ത എത്ര കേസ്സുകൾ തുടരന്വേഷണത്തിന് റഫർ ചെയ്തു എന്നും, എത്ര എണ്ണത്തിൽ ചാർജ് കോടതിക്ക് നല്കിയെന്നും വിശദമാക്കുമോ ;

(ഡി) ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത ഏതെങ്കിലും കേസുകൾ പിൻവലിച്ചിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ കേസുകളെന്നും പ്രതികൾ ഏത് രാഷ്ട്രീയ കക്ഷിയിൽപ്പെട്ടവരാണെന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അറസ്റ്റു ചെയ്ത പ്രതികളെ മോചിപ്പിച്ചു കൊണ്ടുപോയ 10 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച് 10 കേസുകൾ രജിസ്റ്റർ ചെയ്തു.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി & ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സിവിൽ പോലീസ് സംവിധാനം

12 (5918) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിൽ സിവിൽ പോലീസ് രൂപീകരണം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ ലഭിക്കുകയുണ്ടായോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) പോലീസ് സേനയിൽ ഈ സംവിധാനം ഏർപ്പെടുത്തുമ്പോൾ രൂപപ്പെടുന്ന സീനിയോറിറ്റി പ്രശ്നം എപ്രകാരം പരിഹരിക്കുമെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത സംവിധാനം പോലീസ് സേനയിൽ എന്നു മുതൽ നടപ്പാക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) നിർദ്ദേശം ലഭിച്ചിട്ടില്ല.

(ബി & സി) ഇത് സംബന്ധിച്ച് പഠനം നടത്താൻ AIG തലവനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള ജോലികൾ നടന്നുവരുന്നു.

മൂന്നാംമുറയ്ക്കു പകരമായി ശാസ്ത്രീയ കുറ്റാന്വേഷണ രീതികൾ

13 (5919) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ മൂന്നാംമുറ ഇപ്പോഴും നടക്കുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനു പകരം ശാസ്ത്രീയ കുറ്റാന്വേഷണ രീതികൾ നടപ്പാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ;

(സി) രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകളിൽ ശേഖരിക്കുന്ന പരിശോധനാ സാമ്പിളുകളിൽ വളരെ കുറച്ചു മാത്രമാണ് ലാബുകളിൽ എത്തുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനു പരിഹാര നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly